
## ഒന്നാം ക്ലാസ്

| ജൂൺ, ജൂലൈ | വിഷയം ,പാഠം, യൂണിറ്റ് | പ്രവർത്തനം | പഠനസാമഗ്രി | പഠനത്തെളിവ് |
|---|---|---|---|---|
| | **താരയുടെ വീട്**<br>(ഗണിതം)<br>1. വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് യോജിച്ച പദങ്ങൾ ഉപയോഗിക്കുന്നു.(വലുത് /ചെറുത്, ഉയരം കൂടിയത് / കുറഞ്ഞത്, നീളം കൂടിയത് / കുറഞ്ഞത്, കൂടുതൽ എണ്ണമുള്ളത് / കുറഞ്ഞ എണ്ണമുള്ളത്.) വസ്തുക്കളെ ഗണിതപരമായി താരതമ്യം ചെയ്യുന്നു.വലുപ്പം സംബന്ധിച്ച് ആശയത്തെ വണ്ണം, നീളം, ഉയരം, വീതി തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്നു. നീളം, അകലം, ദൂരം എന്നിവയെ ഒരു ആരംഭസ്ഥാനത്തെ ആധാരമാക്കി വിശദീകരിക്കുന്നു. രണ്ടു കൂട്ടത്തിലുള്ള വസ്തുക്കളുടെ എണ്ണത്തെ ഒറ്റ നോട്ടത്തിലും ഒന്നിനൊന്നു പൊരുത്തപ്പെടുത്തിയും കൂടുതൽ കുറവ് കണ്ടെത്തി പറയുന്നു<br>2. സ്ഥലപരമായ അവസ്ഥ സൂചിപ്പിക്കുന്നതിന് ഏറ്റവും ഉചിതമായ പദങ്ങൾ ഉപയോഗിക്കുന്നു (അകത്ത്/ പുറത്ത്, മുകളിൽ/ താഴെ, വലത്ത് / ഇടത്ത്, മുന്നിൽ/ പിന്നിൽ, അടുത്ത് / അകലെ) ആരംഭസ്ഥാനത്തെ ആധാരമാക്കി വിശദീകരിക്കുന്നു. | വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ ഒന്നിലധികം വസ്തുക്കളെ ക്രമീകരിക്കുന്നു, വ്യത്യസ്ത വസ്തുക്കളെ ക്രമീകരിക്കുന്നു. യുക്തി വിശദീകരിക്കുന്നു വലിയ പെൻസിൽ ,ചെറിയ പെൻസിൽ/വലിയ പന്ത്, ചെറിയ പന്ത് /വലിയ മരം ചെറിയ മരം, അകം ,പുറം എന്ന ആശയത്തിനു ഉദാഹരണങ്ങൾ നൽകുന്നു. ചിത്രീകരിക്കുന്നു. പ്രത്യക്ഷത്തിൽ ഒരേ നീളമെന്നു തോന്നുന്നവയുടെ വ്യത്യാസം കണ്ടെത്തുന്നതിനു സ്വന്തമായ മാർഗങ്ങൾ നിർദേശിക്കുന്നു. മുകളിൽ, താഴെ താരതമ്യപ്രവർത്തനം എന്തിനെ എങ്കിലും ആധാരമാക്കിയാണ് മുകളിൽ ,താഴെ എന്നു പറയുന്നതെന്ന യുക്തി വിശദീകരിക്കുന്നു. വസ്തുക്കളെ ക്രമീകരിക്കുന്നു. ചിത്രീകരിക്കുന്നു. കണ്ടെത്തുന്നു അടുത്ത്, തൊട്ടടുത്ത്,അകലെ,വളരെ അകലെ, ദൂരെ,വളരെ ദൂരെ എന്നിവയ്ക്ക് നിത്യജീവിതത്തിൽ നിന്നും ഉദാഹരണം കണ്ടെത്തുന്നു. ചിത്രീകരിക്കുന്നു. ക്രമപ്പെടുത്തുന്നു. പ്രശ്നപരിഹരണപ്രവർത്തനങ്ങളിലേർപ്പെടുന്നു ( ഉദാ, രണ്ടു വ്യത്യസ്തമായ പാത്രങ്ങളിൽ ജലം. ഏതിലാണ് കൂടുതൽ? ചുരുട്ടിയ നൂല് , വലിച്ചുകെട്ടിയ നൂല്. ഏതിനായിരിക്കും നീളക്കൂടുതൽ? രണ്ടു കൂട്ടങ്ങൾ. ഏതിലാണ് കൂടുതൽ? | ഗണിതകിറ്റ്<br>• മുത്തുകൾ , കായ്കൾ<br>• വിവിധ നീളമുള്ള വസ്തുക്കൾ<br>• പല വലിപ്പമുള്ള കട്ടകൾ, പന്തുകൾ,<br>• പേപ്പർ പ്ലേറ്റുകൾ, കുപ്പികൾ, അടപ്പുകൾ<br>• കവറുകൾ<br>• കൗതുകവസ്തുക്കൾ<br>• തീപ്പെട്ടിക്കൂടുകൾ<br>• ബട്ടണുകൾ, ഒട്ടിപ്പു പൊട്ടുകൾ<br>• വളകൾ<br>• കളിപ്പാട്ടപ്രാത്രങ്ങൾ, ഉപകരണങ്ങൾ<br>• ചിത്രങ്ങൾ<br> | ക്ലാസിൽ വിവിധ നിർമിതികൾ ചിത്രച്ചാർട്ടുകൾ പഠനസാമഗ്രി ശേഖരം നോട്ട് ബുക്കിൽ ചിത്രീകരണസഹിതമുള്ള രേഖപ്പെടുത്തലുകൾ ചിത്ര താരതമ്യം പ്രശ്നപരിഹരണാനുഭവം കുട്ടികൾക്ക് വിശദീകരിക്കാനാകുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | ഒന്നു മുതൽ അഞ്ചുവരെ സംഖ്യകളെ തിരിച്ചറിയുന്നു.എഴുതുന്നു | പുസ്തകത്തിലുള്ളതിനു പുറമേ പരിശീലനത്തിൽ ചർച്ച ചെയ്ത കളി, ചിത്രവായന എന്നിവയുടെ സാധ്യതകളും ഉപയോഗിക്കണം<br>എണ്ണിക്കളി. എണ്ണം പറയും അത്രയും എണ്ണമുള്ള വസ്തുക്കൾ/ ജീവികളെ കണ്ടെത്തുന്നു. എടുക്കുന്നു..<br>ചുറ്റുമുള്ള വസ്തുക്കളുടെ പേരു പറയും എത്ര എണ്ണം എന്നു പറയണം.<br>ചിറകുള്ളവർ, മണക്കുന്നത്,<br>ചിറകുള്ളവരിൽ ആരാണ് കൂടുതൽ? ( താരയുടെ വീട്)<br>ചിത്രത്തിലുള്ളവയെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പറയാമോ?<br>പാട്ട് ,കഥ എന്നിവയുടെ സാധ്യതകൾ ട്രൈ ഔട്ട് ചെയ്യണം<br>താരയുടെ വീട്ടിലുണ്ടേ ഒരു കൊച്ചു കുട്ട<br>താരയുടെ വീട്ടിലുണ്ടേ രണ്ടു നല്ല ആട്<br>താരയുടെ വീട്ടിലുണ്ടേ മൂന്നു ......<br>താരയുടെ വീട്ടിലുണ്ടോ നാലു ..........?.<br>എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പടം വരയ്ക്കാമോ? ഒന്നാം കോളത്തിൽ ഒന്ന് എന്നിങ്ങനെ . ( രണ്ടു കിളി, മൂന്നു പൂക്കൾ) അതിനു നേരേ സംഖ്യകൾ എഴുതുന്നു.<br>വസ്തുക്കൾ, ചിത്രങ്ങൾ ഇവ ഉപയോഗിച്ച് വ്യത്യസ്ത രീതികളിൽ സംഖ്യകളെ സൂചിപ്പിക്കുന്നു. | • ക്രയോൺസ്<br>ഗണിതവിശകലനത്തിനു സഹായകമായി ശേഖരിച്ച ചിത്രങ്ങൾ<br>ഗണിതചാർട്ടുകൾ<br>സംഖ്യാഗാനങ്ങൾ<br>ഗണിതകേളീ ശേഖരം<br>സംഖ്യാബോധത്തിലേക്കെത്തുന്നതിനു സഹായകമായ വിവധയിനം വസ്തുക്കൾ<br>ഒറിഗാമി രൂപങ്ങൾ<br>പാറ്റേണുകൾ<br>ബാലമാസികകൾ<br>അധ്യാപിക തയ്യാറാക്കിയ | നോട്ട് ബുക്കിൽ ചിത്രങ്ങളും സംഖ്യകളും പൊരുത്തപ്പെടുത്തിയ രേഖപ്പെടുത്തലുകൾ ഉണ്ട്<br>പുസ്തകത്തിൽ ചിത്രങ്ങൾക്ക് താഴെ എണ്ണം രേഖപ്പെടുത്തിയത്.<br>വസ്തുക്കളുടെ ഒട്ടിപ്പു പുസ്തകം<br>ജിവിതത്തിൽ നിന്നും ഗണിതത്തെളിവുകൾ ശേഖരിച്ചത് ( ഉദാ- കസേര നാലു കാല്, ചെവി- രണ്ട്,ചന്ദ്രൻ ഒന്ന്.)<br>സർഗാത്മകാവിഷ്കാരം ഉദാ ( ഒരു സൂര്യൻ, രണ്ടു മരം, മൂന്നു കിളി, നാലു പൂക്കൾ ..<br>.ഇവയെല്ലാം ചേർന്ന പശ്ചാത്തലത്തിൽ ഒരു വീട്)<br>ടെൻഫ്രെയിമിൽ |

| | | | | |
|---|---|---|---|---|
| | | | ഗണിത കഥകൾ | ചിത്രീകരണം. |
| ജൂൺ ജൂലൈ | **വീട് നല്ല വീട് ( മലയാളം)**<br>1. കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയടങ്ങിയ ചിത്രങ്ങൾ വായിച്ച് ( ഒറ്റ നോട്ടത്തിലും ആഴത്തിലും) ആശയങ്ങൾ കണ്ടെത്തി ലഘുവാക്യങ്ങളിൽ പറയുന്നു (സവിശേഷതകൾ കണ്ടെത്തി പരമാവധി കാര്യങ്ങൾ ഓരോ വസ്തുവിനെക്കുറിച്ചും പറയുന്നു)<br><br>2. സ്വന്തം ആശയങ്ങൾ വ്യത്യസ്ത രീതിയിൽ (വാചികം, അഭിനയം, ചിത്രം വര, നിർമാണം) പ്രകടിപ്പിക്കുന്നു.<br>3. സർഗാത്മകപ്രകടനാവസരം (സൂക്ഷ്മപേശീ ചലനത്തിനുതകുന്ന ചിത്രം വര, നിർമാണം എന്നിവയിൽ ഏർപ്പെടൽ)<br><br>4. കുട്ടിക്കവിതകളും പാട്ടുകളും (വായ്ത്താരിയയുള്ളത്, അഭിനയിച്ച് പാടാവുന്നത്, സ്വന്തമായി നിർമിച്ചത്, കഥാഗാനങ്ങൾ ) ഈണത്തോടെയും | വിശകലനസാധ്യതയേറെയുള്ള ചിത്രങ്ങൾ (പാഠപുസ്തകത്തിലേതുൾപ്പടെ ) ഉപയോഗിച്ചുള്ള ചിത്രവായന (കാര്യകാരണബന്ധം, യുക്തി ചിന്ത, ജീവിതവുമായി ബന്ധിപ്പിക്കൽ, താരതമ്യം, ഊഹപരിശോധന, സംഭവസാധ്യതകൾ ആലോചിക്കൽ, ക്രമം കണ്ടെത്തൽ, ഗണിത സാധ്യതകൾ, സന്ദർഭം ആലോചിക്കൽ, കഥയിലെ സംഭവങ്ങൾ കണ്ടെത്തൽ, )<br><br>വാചിക വിവരണത്തിലേർപ്പെടൽ ( ഒരാൾ ഒരു കാര്യം, കടങ്കഥാരൂപത്തിൽ അവതരിപ്പിക്കൽ) ചിത്രസന്ദർഭങ്ങൾ അഭിനയിക്കൽ ചിത്രീകരിക്കൽ ( പ്രധാനരംഗങ്ങൾ, കഥാപാത്രങ്ങൾ സ്വന്തം ഭാവനയ്ക്ക് അനുസരിച്ച്) പ്രമേയവുമായി ബന്ധപ്പെട്ട് നിർമാണപ്രവർത്തനം ( വീട്, കട്ടൗട്ട്) സ്വന്തം ഭാവനകൂടി ചേർത്തുള്ള ചിത്രീകരണവും നിറം നൽകലും ( കഥാപാത്രങ്ങൾ, സംഭവങ്ങൾ ) കട്ടൗട്ട് വെച്ച് വരയ്ക്കൽ ,ഇലവെച്ച് വരച്ച ശേഷം ജീവികളുടെ ചിത്രമാക്കൽ, കൈപ്പത്തി ചിത്രം, വിരൽത്തുമ്പ് ചിത്രം<br>വീടിനെക്കുറിച്ചുള്ള പാട്ട് ( പേജ് പത്ത്, ഉണ്ടോരുകൊച്ചു കളിപ്പന്തൽ, അധ്യാപിക നിർമിച്ചവ) പാടിക്കൊടുക്കൽ, ഏറ്റു പാടി ആസ്വദിക്കൽ, സംഘാവതരണം | *പാഠപുസ്തക ചിത്രത്തിന്റെ വലിയ പ്രിന്റൗട്ട്.*<br><br>*കട്ടൗട്ടുകൾ, നിർമാണ വസ്തുക്കൾ, കളറുകൾ, ടീച്ചറുണ്ടാക്കിയ വീട്* | *പുസ്തകത്തിൽ വരച്ചു ചേർത്തത്*<br><br>*കുട്ടികൾ വാചികമായി ചിത്രത്തെ അടിസ്ഥാനമാക്കി വിവരിക്കുന്നു*<br><br>*ഓരോരുത്തരും നിർമിച്ച വീടിന്റെ രൂപങ്ങൾ, ചിത്രങ്ങൾ,* |

| | | | | |
|---|---|---|---|---|
| | താളത്തോടെയും ആംഗ്യത്തോടെയും ഒറ്റയ്ക്കും സംഘാംഗമെന്ന നിലയിലും അവതരിപ്പിക്കുന്നു<br>5. കവിതയിലെ ആശയം ഉൾക്കൊണ്ട് താളം പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് പാടുന്നു<br>• പേരുകൾ ചേർത്ത് പുതിയ വരികൾ നിർമിക്കൽ,<br>• താളമുള്ള പദങ്ങൾ ചേർത്ത് വരികളുണ്ടാക്കൽ,<br>• ക്രിയാപദം മാറ്റി വരികൾ നിർമിക്കൽ<br><br>6. തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയത് (പദങ്ങൾ, വാക്യങ്ങൾ) വായിക്കുന്നു. (ഗ്രാഫിക് വായന) ആശയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ, കഥാപാത്രങ്ങളുടെ പേര്, സവിശേഷ താളമുള്ളവ.<br><br>7. വായനാസാമഗ്രിയിൽ നിന്ന് ലിപികൾ തിരിച്ചറിഞ്ഞ് നിശ്ചിത പദങ്ങൾ കണ്ടെത്തുകയും വായിക്കുകയും ചെയ്യുന്നു ( ആവർത്തിച്ച് വരുന്ന പദങ്ങൾ ,താളമുള്ള പദങ്ങൾ, പേരുകൾ, )<br>8. വായിച്ചു കേൾക്കുന്നതിനെ എഴുത്തുമായി പൊരുത്തപ്പെടുത്തി ആശയം ഗ്രഹിക്കുകയും വാക്യങ്ങൾ, അക്ഷരങ്ങൾ എന്നിവയുടെ ഗ്രാഫ് വായിക്കുകയും ചെയ്യുന്നു | പേരുകൾ ചേർത്ത് പുതിയ വരികൾ നിർമിക്കൽ ( തത്ത, കാക്ക, താര, കോഴി, )<br>താളമുള്ള പദങ്ങൾ ചേർത്ത് വരികളുണ്ടാക്കൽ (കീയോ കീയോ കോഴിക്കുഞ്ഞും.. കാ കാ കാ കാ കാക്കക്കുഞ്ഞും..)<br>ക്രിയാപദം മാറ്റി വരികൾ നിർമിക്കൽ ( പാറി പാറി വന്നു.. ഓടിച്ചാടി വന്നു...)<br>വരിചേർത്തു പാടൽ, അഭിനയിച്ചു പാടൽ<br><br>മനോചിത്രം ലഭിക്കത്തക്ക വിധമുള്ള അവതരണം<br>വാചികാവതരണത്തെ ലിഖിത പാഠവുമായി പൊരുത്തപ്പെടുത്തൽ<br>നിർദിഷ്ട വാക്യം, പദം കണ്ടെത്തൽ<br>ചൂണ്ടി വായന....<br><br>വാക്യങ്ങൾ പറഞ്ഞെഴുതി അക്ഷരബോധമുളവാക്കൽ<br>വാക്യങ്ങൾ തൊട്ടുവായന( ശബ്ദവും രൂപവും പൊരുത്തപ്പെടുത്തൽ, വാക്കുകളുടെ അകലവും വായനയിലെ ശബ്ദവിന്യാസവുമായി പൊരുത്തപ്പെടുത്തൽ, നിർദിഷ്ട പദം ഉൾക്കൊള്ളുന്ന വാക്യം കണ്ടെത്തലും വാക്യനിർമാണവും.<br>നിശ്ചിത പദത്തിനു അടയാളം നൽകും.<br>ആശയപ്പൊരുത്തമുള്ള പദങ്ങൾ വരച്ച് യോജിപ്പിക്കൽ<br>ലഘുവാക്യരചന | *പാട്ടെഴുതിയ ചാർട്ട്*<br><br>*ചാർട്ട്, താരയുടെ ചിത്രം*<br><br>*വായനാസാമഗ്രി* | *കുട്ടികളുടെ നോട്ട് ബുക്കിലും പാഠപുസ്തകത്തിലും പദങ്ങൾ, വാക്യങ്ങൾ*<br><br>*വാചികമായി ചിത്രവിവരണം നടത്തൽ*<br><br>*പുസ്തകത്തിൽ ലേഖനപ്രവർത്തനങ്ങൾ സ്വന്തമായി കണ്ടെത്തിയ വാക്കുകൾ നിർമിച്ച വാക്യങ്ങൾ, വാക്കുകൾ* |

| | | | | |
|---|---|---|---|---|
| | 9. സ്വായത്തമാക്കിയ അക്ഷരങ്ങൾ ഉപയോഗിച്ച്  അർഥപൂർണമായ പദങ്ങൾ, വാക്യങ്ങൾ  എഴുതുന്നു. അടിക്കുറിപ്പ്, ലേബൽ, പേര്, പട്ടിക, ലിസ്റ്റ്, ...ഉദാ *ചിത്രത്തിന് അടിക്കുറിപ്പ് -ചാടിച്ചാടി വന്നു , പാറിപ്പാറി വന്നു, നടന്നുനടന്ന്, നൂറുനൂറ്, തത്തേ, തത്ത വന്നു. കാക്ക വന്നു. ...)*<br>*10. ലഘുവാക്യങ്ങൾ എഴുതുന്നു ( ഒന്നോ രണ്ടോ വരികളിലുള്ള വിവരണം, ലഘുകവിതയിൽ വരികൾ കൂട്ടിച്ചേർക്കൽ, ലഘുസംഭാഷണം പൂരിപ്പിക്കൽ )* | പുസ്തകത്തിലെ ചിത്രത്തിന് അടിക്കുറിപ്പെഴുതൽ ആമുഖ ചിത്രത്തിലെ ഓരോ വസ്തുവിനും അടിക്കുറിപ്പ്.<br><br>വാക്യം പൂരിപ്പിക്കൽ, പറന്നു വന്നവർ ആരൊക്കെ, കാക്കയും കുഞ്ഞിക്കോഴിയും സംഭാഷണം. പാടാം ( വരികൾ ചേർക്കൽ) | *വർക് ഷീറ്റുകൾ* | *വർക് ഷീറ്റുകൾ* |
| ജൂലൈ | **പരിസരപഠനം**<br>1. വീടിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു ( മഴ, വെയിൽ ,കാറ്റ്, തണുപ്പ്, ഇഴജന്തുക്കൾ, കാക്ക, പട്ടി, തുടങ്ങിയവയിൽ നിന്നും സംരക്ഷണം, ഉറങ്ങാൻ, ആഹാരമുണ്ടാക്കാൻ, സാധനങ്ങൾ സൂക്ഷിക്കാൻ....)<br>2. വീട്ടിൽ അവശ്യം വേണ്ട സൗകര്യങ്ങൾ എന്തൊക്കെയെന്ന് യുക്തിപൂർവം പറയുന്നു ( വാതിൽ, ജനാലകൾ, മേൽക്കൂര,മുറികൾ..)<br>3. വിവിധ വീട്ടുപകരണങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയുകയും തരംതിരിക്കുകയും യുക്തി വിശദമാക്കുകയും ചെയ്യുന്നു ( അടുക്കളയുപകരണങ്ങൾ, ഇരിക്കാനും എഴുതാനുമുള്ളവ, കിടക്കാനുള്ളവ, മറ്റുള്ളവ)<br>4. വീട്ടിലെ  വിവിധ ജോലികളെക്കുറിച്ചും ചുമതലകളെക്കുറിച്ചും മനസിലാക്കി വിശദമാക്കുന്നു ( വീട്ടിൽ ധാരാളം ജോലികൾ ഉണ്ട്. അതെല്ലാവരും സഹകരിച്ച് ചെയ്യണം. | തള്ളക്കോഴിയും കുഞ്ഞിക്കോഴിയും സംഭാഷണം ചർച്ച- വീടില്ലെങ്കിൽ എന്തു സംഭവിക്കും?<br><br>എല്ലാ ജീവികൾക്കും വീടുകളുണ്ടോ? നിരീക്ഷണം. - അന്വേഷണം<br>കുട്ടികളെ വീട്ടിലെത്തിക്കാമോ? പ്രവർത്തനം<br><br>വിവരങ്ങൾ വിശകലനം ചെയ്ത് സാമ്യ വ്യത്യാസങ്ങൾ പറയാം.<br><br>സ്വന്തം വീട്ടിലെ അടുക്കളയുകരണങ്ങൾ പറയൽ ( ഒരാൾ ഒന്നു വീതം- ബോർഡിൽ ക്രോഡീകരണം) കടങ്കഥാരീതിയിലും ആകാം വട്ടം വരയ്ക്കാം - പ്രവർത്തനം<br><br>വീട്ടുജോലികൾ ലിസ്റ്റ്. ഇവയാർക്കെല്ലാം ചെയ്യാൻ കഴിയും പട്ടികയിൽ ടിക് മാർക്ക് വിവിധ ജോലികൾ മൈമിംഗ് വരച്ചുയോജിപ്പിക്കാം പ്രവർത്തനം | വീട് നിർമിക്കൽ ( ഓരോ ഭാഗത്തിന്റെയും ഉപയോഗം പറയൽ)<br><br>ചിത്രങ്ങൾ<br><br>ഉപകരണചിത്രങ്ങൾ<br><br>വിവിധതരം വീട്ടുജോലികൾ -ചിത്രങ്ങൾ | കുട്ടികൾ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തിയ ചിത്രീകരണചാർട്ട്<br><br>വിവിധ ജീവികളുടെ കൂട് ചിത്ര ആൽബം<br><br>പാഠപുസ്തകത്തിലെ രേഖപ്പെടുത്തൽ<br><br>ഉപകരണചിത്രീകരണവും ലേബലിംഗും നോട്ട് ബുക്കിൽ<br><br>ചാർട്ട്<br>ഏതെല്ലാം ജോലികൾ എന്നും അതിന്റെ |

| | | | | |
|---|---|---|---|---|
| | | | | പ്രാധാന്യവും കുട്ടികൾ വിശദീകരിക്കുന്നു |
| | | | | |